1. മെഷറിങ് ടേപ്പിന്റെ നീളം എത്ര ഇഞ്ച് ?
A) 60 B) 59 C) 152 D) 12

2. സ്റ്റീലിൽ നിർമ്മിച്ചിരിക്കുന്ന മെഷറിങ് ടേപ്പിന്റെ പേര്.
A) ടീൻ B) ക്രൗൺ
C) ക്യാൻവാസ് D) തുണി

3. എൽസ്ക്വയറിന്റെ നീളം എത്ര ഇഞ്ച് ?
A) 25 B) 36 C) 30 D) 24

4. മിൽട്ടൻ ക്ലോത്തിന്റെ വീതി എത്ര ഇഞ്ച് ?
A) 36-40 B) 44-50 C) 60-72 D) 32-40

5. വസ്ത്രങ്ങളിൽ ഐലറ്റ് ഹോൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഉപകരണം.
A) സ്റ്റിലറ്റേ B) തിമ്പിൾ
C) സൂചി D) ബോഡ്കിൻ

6. സ്പൂൾ പിന്നിന്റെ ഉപയോഗം.
A) നൂൽ ചുറ്റാൻ B) തയ്ക്കുമ്പോൾ നൂലിന്റെ റീൽ വയ്ക്കാൻ
C) കെയ്സ് ഇടാൻ D) എണ്ണയിടാൻ

7. റഫ്ളറിന്റെ ഉപയോഗം.
A) ടക്കുകൾ ഉണ്ടാക്കാൻ B) ബൈൻഡിംഗ് ചെയ്യാൻ
C) ഹെം ചെയ്യാൻ D) ഫ്രിൽ ഉണ്ടാക്കാൻ

8. ലിച്ച് ഏത് ഉപകരണത്തിന്റെ ഭാഗം ?
A) മിഷ്യന്റെ B) നൂലിന്റെ
C) ബോബന്റെ D) ബോബൻ കെയിസിന്റെ

9. തയ്ക്കുമ്പോൾ ഇടക്ക് മുകളിലത്തെ നൂൽ പൊട്ടുന്നു.
A) ബോബനിൽ നൂൽ ചുറ്റിയത് ശരിയാകാത്തതിനാൽ
B) സൂചിയുടെ മുന ഒടിഞ്ഞാൽ
C) മിഷ്യന്റെ ബൽറ്റ് മുറുകിയാൽ
D) അടി നൂൽ ഇല്ലാതിരുന്നാൽ

10. കിൽറ്റർ ഏത് വസ്ത്രം തയ്ക്കാൻ സഹായിക്കുന്നു ?
A) ഫ്രാക്ക് B) ബ്ലൗസ് C) കോട്ട് D) പാവാട

11. റയോൺ ഏതിൽ നിന്ന് ലഭിക്കുന്നു ?
A) രാസപ്രവർത്തനം മൂലം B) കമ്പിളി
C) പരുത്തി D) ചണം

12. ഡ്രാണർന്റെ ഉപയോഗം.
   A) എംബ്രോയിഡറിക്ക്
   B) പിങ്കറിന്
   C) സിഗ്സാഗറിന്
   D) ഇഴയിടുന്നതിന്

13. ഖനിജത്തിൽ നിന്നും ഉണ്ടാക്കുന്ന തുണിയുടെ പേര്.
   A) മിനറൽ പ്രോഡക്റ്റ്സ്
   B) നൈലോൺ
   C) ടെറിലിൻ
   D) ഡക്രോൺ

14. വസ്ത്രത്തിൽ ക്യാൻവാസിന്റെ ഉപയോഗം.
   A) ഹെമ്മിങിന്
   B) ലൈനിങ്ങ്
   C) ഫേസിങ്ങ്
   D) ഡക്രോൺ

15. ചൂടുള്ള ഇസ്തിരിപ്പെട്ടി ഉപയോഗിച്ച് തുണി ചുരുക്കുന്നതിനും വലിച്ച് നീട്ടുന്നതിനും പറയുന്ന രീതി.
   A) ബക്രം ചുരുക്കൽ
   B) മാനിപ്പുലേഷൻ
   C) സ്ട്രേച്ചിങ്ങ്
   D) ടെസ്റ്റ്

16. ഈവൻ ബാസ്റ്റിങ്ങിന് ഉപയോഗിക്കുന്ന നൂൽ.
   A) കട്ടി കൂടിയ നൂൽ
   B) കട്ടി കുറഞ്ഞ നൂൽ
   C) കമ്പിളി നൂൽ
   D) സാറ്റൻ നൂൽ

17. തുണിയുടെ വക്ക് ഇളകാതിരിക്കുന്നതിനും ഭംഗിക്കും വേണ്ടി ഉപയോഗിക്കുന്ന തയ്യൽ.
   A) റണ്ണിങ്ങ്
   B) ഹെമ്മിങ്ങ്
   C) ക്രോസ് സ്റ്റിച്ച്
   D) ബ്ലാങ്കറ്റ്

18. തുണിയുടെ അതേ നിറമുള്ള നൂൽ ഉപയോഗിച്ച് ഡിസൈൻ തയ്ക്കുന്ന എംബ്രോയിഡറി യുടെ പേര്.
   A) ഇംഗ്ലീഷ് എംബ്രോയിഡറി
   B) സ്കോളപ്പുകൾ
   C) ഹോൾബീൻ സ്റ്റിച്ച്
   D) ലാഡർഹെം

19. ചൂടുള്ള ഇസ്തിരി ഉപയോഗിച്ച് തുണിയിൽ റെഡിമെയ്ഡ് ഡിസൈൻ പ്രസ്സ് ചെയ്തു പതിപ്പിക്കുന്ന രീതിക്ക്
   A) ടെൽസ്സിങ്ങ്
   B) പൗൺസ്സിങ്ങ്
   C) അയണിങ്ങ്
   D) കാർബണിങ്ങ്

20. ചെയിൻ തയ്യൽ ഉപയോഗിച്ച് ഡിസൈൻ മുഴുവനും തയ്ച്ചു പൂർത്തിയാക്കുന്നതിനെ
   A) മോണൊഗ്രാം
   B) താമ്പൂർ എംബ്രോയിഡറി
   C) നെറ്റ് ആപ്ലിക്ക്
   D) ബ്ലൈൻഡ് ആപ്ലിക്ക്

21. പേപ്പർ പാറ്റേൺ പേപ്പറിന്റെ ഏത് വശത്ത് വരയ്ക്കണം ?
A) നല്ല വശത്ത്
B) ചീത്ത വശത്ത്
C) ക്രോസ്സായ വശത്ത്
D) 90°വരുന്ന ഭാഗത്ത്

22. നാലുദ്വാരം ഉള്ള ബട്ടൺ തയ്ക്കുമ്പോൾ ബട്ടന്റെ മദ്ധ്യഭാഗത്ത് ഏത് ചിഹ്നത്തിന്റെ ആകൃതി വരണം ?
A) ചതുരം
B) വൃത്തം
C) ഗുണനം
D) അധികം

23. വസ്ത്രം തയ്ക്കുമ്പോൾ ശരീരത്തിന്റെ ആകൃതിയും ഭംഗിയും കിട്ടാൻ വസ്ത്രത്തിൽ എന്ത് ഉപയോഗിക്കുന്നു ?
A) ഡാർട്ട്
B) ഞൊറിവ്
C) തുറപ്പ്
D) മടക്ക്

24. ചുരിദാർ, പൈജാമ ഇവയ്ക്ക് തുണിമുറിക്കുന്നത്.
A) നീളത്തിൽ
B) വീതിയിൽ
C) ക്രോസ്സായി
D) വൃത്തത്തിൽ

25. കീറിപ്പോയ വസ്ത്രം അതേ നിറത്തിലും തരത്തിലും ഉള്ള തുണികൊണ്ട് തയ്ക്കുന്നതിന് പറയുന്ന പേര്.
A) ഇഴയിടൽ
B) പാച്ചിങ്
C) കട്ട്‌വർക്ക്
D) നെറ്റ്‌വർക്ക്

26. പൂക്കൾ തയ്ക്കുമ്പോൾ പൂമ്പൊടിക്കായി തുന്നുന്ന തയ്യൽ ഏത് ?
A) ബുള്ള്യൻ
B) ലേസിഡേസി
C) സ്റ്റാർ
D) ഫ്രഞ്ച്നോട്ട്

27. ചുവപ്പ്, നീല ഇവ കൂടി ചേർക്കുമ്പോൾ കിട്ടുന്ന നിറം.
A) കറുപ്പ്
B) കടുംനീല
C) വയലറ്റ്
D) ഓറഞ്ച്

28. പാന്റ്സ്, കോട്ട് ഇവയിൽ ബട്ടൺ ഹോൾ ഏത് രൂപത്തിൽ വെട്ടണം ?
A) ക്രോസ്സായി
B) നീളത്തിൽ
C) വിലങ്ങനെ
D) ചതുരത്തിൽ

29. കാലിക്കോ പാച്ചിങ്ങിന് ഉപയോഗിക്കുന്ന തുണി.
A) ചെക്ക്
B) പ്രിന്റ് തുണി
C) കമ്പിളി
D) ഒറ്റനിറമുള്ള തുണി

30. 15 cm നീളവും ഒരറ്റം കൊളുത്തു പോലുള്ള വളഞ്ഞ ഭാഗമുള്ള സൂചിയുടെ ഉപയോഗം.
A) റേന്ത തയ്ക്കാൻ
B) ചാക്ക് തയ്ക്കാൻ
C) ബുക്ക് കുത്തിക്കെട്ടാൻ
D) ക്രോഷ്യ തയ്ക്കാൻ

31. എംബ്രോയിഡറിയിൽ വലിയ ഡിസൈനുകൾ ചെറുതാക്കി വരയ്ക്കുന്നതിന്
A) എലാർജിങ്
B) റെഡ്യൂസിങ്
C) മോണോഗ്രാം
D) ഡയഗണൽ

32. ബാഡ്ജിന്റെ ഏത് വശത്താണ് റിബണോ, നാടയോ പിടിപ്പിക്കുന്നത് ?
A) മുകൾവശത്ത്
B) മദ്ധ്യത്ത്
C) അടിവശത്ത്
D) ഇഷ്ടമുള്ള ഭാഗത്ത്

33. പേപ്പർപാറ്റേൺ കൊണ്ടുള്ള നേട്ടം.
A) പാറ്റേൺ അഡ്ജസ്റ്റ് ചെയ്തു തുണി ലാഭകരമാക്കാം
B) പാറ്റേൺ വീണ്ടും ഉപയോഗിക്കാം
C) പാറ്റേൺ ചെക്ക് ചെയ്യാം
D) വരച്ച് പഠിക്കാം

34. തുണിയുടെ പ്രധാന ദിശകൾ.
A) നീളം, വീതി
B) നീളം
C) വീതി
D) നീളം, വീതി, ക്രോസ്

35. ഫേസ് എന്നാൽ എന്ത് ?
A) മിഷ്യന്റെ ഭാഗം
B) ബ്ലൗസിന്റെ ഭാഗം
C) തുണിയുടെ നല്ല വശം
D) സ്റ്റിച്ചിന്റെ പേര്

36. കോട്ടു സ്ലീവിന്റെ മുകളിലത്തെ വളഞ്ഞ ഭാഗം.
A) ക്രൗൺ
B) ആംസീം
C) ആംസ്ലീവ്
D) ഹൈൻഡ് ആംസീം

37. കോളർ പിടിപ്പിക്കുന്നതിന് വേണ്ടി മുൻവശവും പുറക്‌വശവും യോജിപ്പിച്ച കഴുത്തിനെ പറയുന്നത്.
A) ബ്രൈഡിൽ
B) ലേപ്പൽസ്
C) ഗോർജ്
D) ക്രീസ്

38. ഡമ്മിഹോൾ ഏത് വസ്ത്രത്തിൽ ഉപയോഗിക്കുന്നു ?
A) ഷർട്ട്
B) പാന്റ്സ്
C) നിക്കർ
D) കോട്ട്

39. വസ്ത്രങ്ങളിൽ തയ്യൽ തുമ്പ് എവിടെ എല്ലാം കൂടുതൽ ഇടണം എന്നതിന് പറയുന്നത്.
A) സീം സ്റ്റൈപ്പ്
B) ഫേസിങ്
C) വെഡ്ജ്
D) ലോക്കിങ്

40. കോട്ട് തുടങ്ങിയ വസ്ത്രങ്ങളിൽ ശരിയായ ആകൃതി കിട്ടാതെ ചുളിവുകൾ വരുന്നതിന്
A) ബാഗിങ്
B) സാഗിങ്
C) ക്രൂക്കഡ്
D) ക്ലിങ്ങിങ്

41. വസ്ത്രത്തിൽ ബട്ടൻ പിടിപ്പിക്കുമ്പോൾ വസ്ത്രത്തിനും ബട്ടനും ഇടയിൽ നൂൽകൊണ്ട് ചുറ്റിയുണ്ടാക്കുന്ന തണ്ട്.
A) പ്ലാക്കറ്റ്
B) ഷാങ്ക്
C) ബട്ടൺ ഹോൾ
D) ഗേർത്ത്

42. ബ്ലൗസ് തയ്ക്കുമ്പോൾ സ്ലീവിന് ചുളിവ് ഉണ്ടാകാൻ കാരണം.
A) കൈക്കുഴിയെക്കാൾ കൈക്ക് തുണി കൂടുതൽ എടുക്കുന്നതിനാൽ
B) കൈക്കുഴി ചെറുതായാൽ
C) സ്ലീവിന്റെ നീളം കുറഞ്ഞാൽ
D) കൈക്കുഴി വലുതായാൽ

43. ബക്രം തയ്ക്കാൻ മാത്രം ഉപയോഗിക്കുന്ന സീം.
A) ഫ്രഞ്ച് സീം
B) ഓവർ കാസ്റ്റിങ്
C) ഓവർ ലാപ്ഡ് സീം
D) സ്ലോട്ട് സീം

44. ബൈൻഡിങ് സിം ഏത് വസ്ത്രത്തിൽ ഉപയോഗിക്കുന്നു ?
A) സബല
B) പാവാട
C) ബ്ലൗസ്
D) കോട്ട്

45. ഹാഫ് ഓപ്പൺ ഷർട്ടിന്റെ തുറപ്പിന്റെ നീളം.
A) ചെസ്റ്റിന്റെ 1/4 ഭാഗം
B) ചെസ്റ്റിന്റെ 1/3 ഭാഗം
C) വെസ്റ്റിന്റെ 1/3 ഭാഗം
D) ഇറക്കത്തിന്റെ 1/4 ഭാഗം

46. ബൗണ്ട് തുറപ്പുകൾക്ക് ഉപയോഗിക്കുന്ന തുണി ഏത് രീതിയിൽ മുറിച്ച് എടുക്കണം ?
A) നീളത്തിൽ
B) കുറുകെ
C) വൃത്തത്തിൽ
D) ക്രോസ്സായി

47. കാർപ്പെറ്റിൽ ഉപയോഗിക്കുന്ന വർണ്ണം.
A) ബേസിക് വർണ്ണം
B) ഡയറക്റ്റ് വർണ്ണം
C) സൽഫർ വർണ്ണം
D) വെറ്റ് വർണ്ണം

48. പാന്റ്സിന്റെ സൈഡ് പോക്കറ്റ് തുറന്നു പോകുന്നു
A) സീറ്റിന്റെ റൗണ്ട് കുറവ് ആയിരിക്കും
B) സീറ്റിന്റെ റൗണ്ട് കൂടുതലായിരിക്കും
C) ഫ്ലൈ തെറ്റായി പിടിപ്പിക്കുക
D) പാന്റ്സിന്റെ ഫോർക്ക് ചെറുതാക്കുക

49. കോട്ടിന്റെ തോളിലെ ചരിഞ്ഞ ചുളിവിന് കാരണം
A) കഴുത്ത് വലുതായാൽ
B) പിൻഭാഗം നീളം കുറവ്
C) ഷോൾഡർ ചെറുതായാൽ
D) കോളർ വലുതായാൽ

50. അടിവസ്ത്രത്തിന് യോജിച്ച തുണി.
A) കോട്ടൺ
B) സാറ്റൻ
C) ലിനൻ
D) സിൽക്ക്

51. രാത്രികാലങ്ങളിൽ എങ്ങനെയുള്ള വസ്ത്രം ധരിക്കണം ?

A) കട്ടിയുള്ളത്
B) അയവുള്ളതും മൃദുവായതും
C) ഇറുകിയത്
D) തുറപ്പുള്ളത്

52. തുണിക്ക് ബലവും കട്ടിയും ആകൃഷകത്വവും ലഭിക്കാൻ ചെയ്യുന്ന രീതി.

A) പ്രോസസ്
B) സൈസിങ്
C) അലങ്കാരം
D) കലണ്ടറിങ്

53. പ്രോട്ടീൻ അടങ്ങിയനാര്.

A) പരുത്തി
B) കമ്പിളി
C) പട്ട്
D) പോളിസ്റ്റർ

54. ഗാതർ മിഷ്യന്റെ ഏത് ഭാഗത്ത് പിടിപ്പിക്കുന്നു ?

A) ബോബന് പകരം
B) മിഷ്യന്റെ ആം ഭാഗത്ത്
C) സൈഡ് പ്ലേറ്റിൽ
D) പ്രസ്സർ ഫുട്ട് മാറ്റിയശേഷം പകരം പിടിപ്പിക്കുന്നു

55. പോക്കറ്റിൽ ഫ്ലാപ്പ് പിടിപ്പിക്കുമ്പോൾ ഫ്ലാപ്പിന്റെ വീതി.

A) പോക്കറ്റിനെക്കാൾ 1/8 വീതി കൂടുതൽ
B) പോക്കറ്റിന്റെ വീതി
C) 1 ഇഞ്ച് വീതി കൂടുതൽ
D) 1/2 ഇഞ്ച് നീളം കൂടുതൽ

56. ഷർട്ടിന്റെ കോളറിന്റെ നെക്ക് ബാൻഡിന് എത്ര പീസ് വേണം ?

A) 5
B) 3
C) 4
D) 2

57. ഷർട്ടിന്റെ ഏത് ഭാഗത്ത് യോക്ക് പിടിപ്പിക്കുന്നു ?

A) കൈയിൽ
B) മുൻവശത്തെ തുണ്ടിൽ
C) പുറക് വശത്തെ തുണ്ടിൽ
D) കോളറിൽ

58. ചെറിയ കുട്ടികൾക്ക് ഉഷ്ണകാലത്ത് ധരിക്കാൻ യോജിച്ച വസ്ത്രം ഏത് ?

A) നിക്കർ
B) ഷർട്ട്
C) ബനിയൻ
D) സൺസ്യൂട്ട്

59. ഹൈനക്ക് ബ്ലൗസിന്റെ പുറക്വശത്തെ കഴുത്തിന്റെ പ്രത്യേകത.

A) പുറക് വശത്തെ കഴുത്ത് വെട്ടുന്നില്ല
B) കഴുത്ത് താഴ്ത്തി വെട്ടുന്നു
C) ചതുരത്തിൽ വെട്ടുന്നു
D) ബോട്ട്നക്ക് ആയി വെട്ടുന്നു

60. സ്കർട്ട് നിക്കർ ഉപയോഗിക്കുന്നത് ആര് ?

A) ചെറിയ കുട്ടികൾ
B) മുതിർന്നവർ
C) സ്പോർട്ട് ഗെയിംസ് താരങ്ങൾ
D) പുരുഷന്മാർ

61. തണുപ്പ് രാജ്യത്തെ സ്ത്രീകൾ സാരിയുടെ മുകളിൽ ധരിക്കുന്ന കോട്ടിന്റെ പേര്.

A) കട്ടോരി ചോളി
B) ഹൗസ്കോട്ട്
C) കഫ്താൻ
D) വിന്റർകോട്ട്

62. ജുബ്ബയിൽ എത്ര ഗസറ്റ് ഉപയോഗിക്കുന്നു ?
A) 1
B) 4
C) 2
D) ഉപയോഗിക്കുന്നില്ല

63. ജുബ്ബയുടെ പോക്കറ്റിന്റെ തുറപ്പ് എവിടെ തുടങ്ങുന്നു ?
A) ചെസ്റ്റിൽ
B) സീറ്റിൽ
C) വെയിസ്റ്റിൽ
D) ബോട്ടത്തിൽ

64. നെക്ക് ബാൻഡ് ഇല്ലാത്ത ഷർട്ട്.
A) സ്ലാക്ക് ഷർട്ട്
B) ഫുൾകൈ ഷർട്ട്
C) യൂണിഫോം ഷർട്ട്
D) ടി ഷർട്ട്

65. മിലിട്ടറി ബുഷർട്ടിൽ എത്ര പോക്കറ്റ് ?
A) 1
B) 2
C) 4
D) പോക്കറ്റ് ഇല്ല

66. സിബ്‌വച്ച് തയ്ക്കുന്ന പാൻസിൽ എത്ര ഫ്ലൈ പിടിപ്പിക്കുന്നു ?
A) 3
B) 5
C) 2
D) ഫ്ലൈ വയ്ക്കുന്നില്ല

67. ഏത് വശത്തെ ഫ്ലൈയിലാണ് ബട്ടൺ പിടിപ്പിക്കുന്നത് ?
A) ഇടതുവശത്ത്
B) വലതുവശത്ത്
C) ഏതു വശത്തും പിടിപ്പിക്കാം
D) അടിവശത്ത്

68. കഴുത്ത് ഫിറ്റായിരിക്കുന്ന കോട്ടിന്റെ പേര്.
A) ഹൗസ് കോട്ട്
B) ബുഷ് കോട്ട്
C) ക്ലോസ് കോട്ട്
D) എസ്. ബി. കോട്ട്

69. സിങ്കിൾ ബ്രസ്റ്റ് കോട്ടിന്റെ ചെസ്റ്റ് പോക്കറ്റ് ഏത് വശത്ത് ?
A) വലത് വശത്ത്
B) വെസ്റ്റിൽ
C) പോക്കറ്റ് ഇല്ല
D) ഇടത് വശത്ത്

70. സാരിപ്പാവാടയുടെ അടിഭാഗത്തെ ചുറ്റളവ്.
A) 65 ഇഞ്ച്
B) 80 ഇഞ്ച്
C) 72 ഇഞ്ച്
D) 100 ഇഞ്ച്

71. നെഞ്ചിൽ തണുപ്പ് തട്ടാതിരിക്കാൻ ജുബ്ബയുടെ മുകളിൽ ധരിക്കുന്ന വസ്ത്രം.
A) വെസ്റ്റ്
B) ഏപ്രിൻ
C) കിമോണ
D) ഷോൾ

72. നോർമൽ അളവിൽ നിന്നും വ്യത്യസ്തമായ അളവുള്ള വ്യക്തികൾ ധരിക്കുന്ന പാന്റ്സിന്റെ പേര്.
A) ലോവെസ്റ്റ് പാന്റ്സ്
B) ബെൽബോട്ടം പാന്റ്സ്
C) കോർപ്പുലന്റ് പാന്റ്സ്
D) പൈജാമ

73. നോർമൽ അളവുള്ള ഒരു വ്യക്തിക്ക് വെസ്റ്റ് അളവിൽ നിന്നും സീറ്റ് അളവ് എത്ര കൂടുതൽ ആയിരിക്കും ?

A) 6 ഇഞ്ച് B) 10 ഇഞ്ച് C) 8 ഇഞ്ച് D) 4 ഇഞ്ച്

74. സ്ത്രീകളുടെ വസ്ത്രത്തിന്റെ തുറപ്പുകളുടെ ഏത് വശം മുകളിൽ വരണം ?

A) ഇടതുവശം B) വലതുവശം

C) പുറക് വശം D) ഏത് വശവും വരാം

75. സ്ത്രീകളുടെ ഏത് വസ്ത്രത്തിലാണ് കോത് പിടിപ്പിക്കുന്നത് ?

A) ബ്ലൗസ് B) ചട്ട

C) ബോഡീസ് D) മുസ്ലീംകുപ്പായം

76. പ്രായംചെന്ന സ്ത്രീകൾ ബ്ലൗസിനും ബോഡീസിനും ഈ രണ്ട് വസ്ത്രത്തിനു പകരം ഒരു വസ്ത്രം മാത്രം ധരിക്കുന്നു. ആ വസ്ത്രത്തിന്റെ പേര് ?

A) ജമ്പർ B) റൗക്ക C) ചട്ട D) കുപ്പായം

77. വസ്ത്രത്തിൽ കാരം ഉപയോഗിച്ച് അധികസമയം മുക്കി വച്ചാൽ എന്ത് സംഭവിക്കുന്നു ?

A) ഇഴകൾ ബലഹീനമാകുന്നു B) നിറം മങ്ങുന്നു

C) കട്ടി കുറയുന്നു D) ചുരുങ്ങുന്നു

78. റേന്തയിലെ ചെളികളയാൻ

A) തിരുമി കഴുകുക

B) കാരം ഉപയോഗിക്കുക

C) ചൂടുള്ള സോപ്പുവെള്ളത്തിൽ ഇട്ട് കുലുക്കി കഴുകുക

D) വാഷിംഗ് പൗഡർ ഉപയോഗിക്കുക

79. വസ്ത്രത്തിലെ ഇരുമ്പ് കറ കളയാൻ എന്ത് ചെയ്യണം ?

A) നാരങ്ങനീരും ഉപ്പും ചേർത്ത് കറ വീണ ഭാഗം തിരുമുക

B) ചുരണ്ടി കളയുക

C) തൈരിനകത്ത് കുതിർത്ത് വയ്ക്കുക

D) പൊൻകാരം ഉപയോഗിച്ച് കഴുകുക

80. ബട്ടൺ ഹോൾ കീറിയാൽ എങ്ങനെ പരിഹരിക്കാം ?

A) പുതിയ ബട്ടൺഹോൾ വെട്ടുക

B) കീറൽ കാണാത്തവിധം സാറ്റൻ സ്റ്റിച്ച് തയ്ച്ച് ചേർത്ത് ബലപ്പെടുത്തുക

C) സീം ചെയ്യുക

D) ഡാർട്ട് ഇടുക

81. ഇന്ത്യയിലെ ബയോസ്ഫിയർ റിസർവ്വുകളും അവ സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങളും ഗ്രൂപ്പിൽ ശരിയായവ കണ്ടെത്തുക.

i) കോൾഡ് ഡിസേർട്ട് – ഹിമാചൽ പ്രദേശ്
ii) സിമിലിപാൽ – ഒഡിഷ
iii) പന്ന – ഗുജറാത്ത്

A) i, iii
B) i, ii
C) ii, iii
D) എല്ലാം ശരിയാണ് (i, ii, iii)

82. കേരളത്തിൽ ആറാട്ടുപ്പുഴ വേലായുധ പണിക്കർ നേതൃത്വം നൽകിയ സമരങ്ങൾ ഏവ ?

i) മൂക്കുത്തി സമരം
ii) അടി ലഹള
iii) അച്ചിപ്പുടവ സമരം

A) i, iii
B) എല്ലാം ശരിയാണ് (i, ii, iii)
C) i, ii
D) ii, iii

83. ശ്രീനാരായണ ഗുരുവിനെകുറിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് ശരിയായ ഉത്തരം കണ്ടെത്തുക.

i) ചെമ്പഴന്തിയിൽ മാടനാശാന്റെയും വയൽവാരത്ത് കുട്ടിയുടേയും മകനായി ജനിച്ചു.
ii) ഗജേന്ദ്രമോക്ഷം വഞ്ചിപ്പാട്ടായിരുന്നു അദ്ദേഹം ആദ്യമായി രചിച്ച കൃതി.
iii) 1888 ൽ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി.

A) എല്ലാം ശരിയാണ് (i, ii, iii)
B) ii, iii
C) i, ii
D) i, iii

84. കേരളത്തിലെ പ്രമുഖ നവോത്ഥാന നായകരുമായി ബന്ധപ്പെട്ട പ്രസ്താവനകൾ പരിശോധിച്ച് ശരിയായവ കണ്ടെത്തുക.

i) ശുഭാനന്ദ ഗുരുദേവൻ ചെങ്ങന്നൂരിനടുത്തുള്ള ബുധന്നൂർ ഗ്രാമത്തിൽ ജനിച്ചു.
ii) ഡോ. വേലുക്കുട്ടി അരയൻ അഖില തിരുവിതാംകൂർ നാവിക തൊഴിലാളിസംഘം ആരംഭിച്ചു.
iii) പാമ്പാടി ജോൺ ജോസഫ് 1921 ൽ തിരുവിതാംകൂർ ചേരമ മഹാജനസഭ രൂപീകരിച്ചു.

A) i, iii
B) എല്ലാം ശരിയാണ് (i, ii, iii)
C) ii, iii
D) i, ii

85. വി. ടി. ഭട്ടതിരിപ്പാടുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായവ കണ്ടെത്തുക.

i) പാലക്കാട് തൃത്താലയിൽ ജനിച്ചു.
ii) അയിത്തോച്ചാടനത്തിന് ഇനി നമുക്ക് അമ്പലങ്ങൾക്ക് തീ കൊളുത്തുക എന്ന ലഘുരേഖ പ്രസിദ്ധീകരിച്ചു.
iii) ബഹുഭാര്യത്വം നിരോധിക്കുന്നതിനായി 1931ൽ യാചനാ യാത്ര നടത്തി.

A) i, iii
B) ii, iii
C) i, ii
D) എല്ലാം ശരിയാണ് (i, ii, iii)

86. കേരളത്തിലെ നദികളും അവ ഒഴുകുന്ന ജില്ലകളും തന്നിരിക്കുന്നവയിൽ ശരിയായത് കണ്ടെത്തുക.

i) പെരിയാർ – തൃശ്ശൂർ

ii) ഭാരതപ്പുഴ – പാലക്കാട്

iii) വളപട്ടണം പുഴ – കണ്ണൂർ

A) i, ii
B) ii, iii
C) എല്ലാം ശരിയാണ് (i, ii, iii)
D) i, iii

87. കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളും അവ സ്ഥിതിചെയ്യുന്ന ജില്ലകളും പട്ടികയിൽ ശരിയായവ തിരഞ്ഞെടുക്കുക.

i) ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് – തിരുവനന്തപുരം

ii) ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് – ആലപ്പുഴ

iii) കേരള ലക്ഷ്മി മിൽസ് – തൃശ്ശൂർ

A) എല്ലാം ശരിയാണ് (i, ii, iii)
B) i, ii
C) i, iii
D) ii, iii

88. ചട്ടമ്പിസ്വാമികൾ രചിച്ച ഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ഉത്തരം കണ്ടെത്തുക.

i) ആദിഭാഷ – ബ്രാഹ്മണർക്കു മാത്രമാണ് വേദപഠനത്തിനുള്ള അധികാരം എന്ന മിഥ്യയെ തുറന്നു കാട്ടുന്നു.

ii) ക്രിസ്തുമത നിരൂപണം – ക്രിസ്തുമത തത്വങ്ങളുടെ അപഗ്രഥനം.

iii) ജീവിത കാരുണ്യ നിരൂപണം – അഹിംസ എന്ന തത്വത്തിലുള്ള തന്റെ വിശ്വാസങ്ങൾ പ്രകാശിപ്പിച്ചു.

A) i, ii
B) i, iii
C) എല്ലാം ശരിയാണ് (i, ii, iii)
D) ii, iii

89. ഇന്ത്യയുടെ ബഹിരാകാശ ശാസ്ത്രദൗത്യങ്ങളുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള പ്രസ്താവനകളിൽ നിന്ന് ശരിയായവ തെരെഞ്ഞെടുത്തെഴുതുക.

i) ഇന്ത്യയുടെ ബഹിരാകാശ ദൗത്യമായ ചന്ദ്രയാൻ I & II ചന്ദ്രനെകുറിച്ച് പഠിക്കാൻ ഉള്ളതാണ്.

ii) ആസ്ട്രോസാറ്റ് ഇന്ത്യയുടെ ശുക്രനിലേക്കുള്ള ദൗത്യമാണ്.

iii) മാർസ് ഓർബിറ്റർ മിഷൻ ഇന്ത്യയുടെ ചൊവ്വ-ബഹിരാകാശ ദൗത്യമാണ്.

A) എല്ലാം ശരിയാണ് (i, ii, iii)
B) i, ii
C) ii, iii
D) i, iii

90. ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികളുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് ശരിയായവ തിരഞ്ഞെടുക്കുക.

i) രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ദേശീയപാതാ സംവിധാനത്തിന് രൂപം നൽകി.

ii) 1956 ൽ ആദ്യപഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ രാജ്യത്തെ ആദ്യത്തെ അഞ്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ (IIT) സ്ഥാപിതമായി.

iii) നാലാം പഞ്ചവത്സര പദ്ധതികാലത്ത് ഇന്ത്യയിലെ 14 ബാങ്കുകളുടെ ദേശസാൽക്കരണം നടന്നു.

A) i, ii
B) എല്ലാം ശരിയാണ് (i, ii, iii)
C) ii, iii
D) i, iii

91. തൊഴിൽ നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം നൈപുണ്യ സമ്പാദന വിജ്ഞാന ബോധവത്ക്കരണ പരിപാടിയായി 'സങ്കല്പ്'-ലൂടെ ലക്ഷ്യമാക്കുന്നവ ഏവ ?

i) കേന്ദ്ര-സംസ്ഥാന-ജില്ലാ തലങ്ങളിലെ സ്ഥാപന ശാക്തീകരണം.

ii) നൈപുണ്യ വികസന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പാക്കുക.

iii) ഇത്തരം പദ്ധതികളിൽ പാർശ്വവൽകൃത സമൂഹങ്ങളെ ഉൾപ്പെടുത്തുക.

A) എല്ലാം ശരിയാണ് (i, ii, iii)
B) i, ii
C) ii, iii
D) i, iii

92. നവസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്നവയിൽ നിന്ന് ശരിയായവ കണ്ടെത്തുക.

i) പോഡ് കാസ്റ്റുകൾ – പരമ്പരയായി ഓഡിയോ ഫയലുകൾ കേൾപ്പിക്കാൻ കഴിയുന്ന സംവിധാനം.

ii) വെബ്ബ് പബ്ലിഷിംഗ് – കമ്പ്യൂട്ടറിന്റെയും എഴുത്ത് സോഫ്റ്റ്വെയറുകളുടേയും പ്രസിദ്ധീകരണ ഫോർമാറ്റുകളുടെയും സഹായത്തോടെ തിരമൊഴിയിൽ പ്രസിദ്ധീകരിക്കുന്ന സംവിധാനം.

iii) ഇന്റർനെറ്റ് ഓഫ് തിങ്സ് – ലോകത്ത് എവിടെ നിന്നും ഫയലുകൾ സ്വീകരിക്കാനും വായിക്കാനും കഴിയുന്ന ഒന്ന്.

A) ii, iii
B) i, ii
C) എല്ലാം ശരിയാണ് (i, ii, iii)
D) i, iii

93. വിജ്ഞാനാധിഷ്ഠിത സമ്പദ്വ്യവസ്ഥയിൽ പ്രാധാന്യം കൊടുക്കുന്ന വിദ്യാഭ്യാസ രീതിയായ STEM ൽ പ്രാധാന്യം കൊടുക്കുന്ന വിഷയങ്ങളിൽ ശരിയായവ.

i) കൊമേഴ്സ്
ii) മാത്തമാറ്റിക്സ്
iii) ടെക്നോളജി

A) i, ii
B) എല്ലാം ശരിയാണ് (i, ii, iii)
C) i, iii
D) ii, iii

94. ദണ്ഡിയാത്രയിൽ ഗാന്ധിജിക്കൊപ്പം ഉടനീളം ഉണ്ടായിരുന്ന മലയാളികളുടെ കൂട്ടത്തിൽ ശരിയായവ തിരഞ്ഞെടുക്കുക.

i) സി. കൃഷ്ണൻ നായർ

ii) കെ. കേളപ്പൻ

iii) എൻ. പി. രാഘവപ്പൊതുവാൾ

A) i, ii

B) i, iii

C) എല്ലാം ശരിയാണ് (i, ii, iii)

D) ii, iii

95. 1857 ലെ കലാപകാരികളും അവർ നേതൃത്വം കൊടുത്ത സ്ഥലങ്ങളും – എന്ന ലിസ്റ്റിൽ നിന്ന് ശരിയായവ തിരഞ്ഞെടുക്കുക.

i) ബഹദൂർഷാ – ഡൽഹി

ii) ബീഗം ഹസ്റത്ത് മഹൽ – ജാൻസി

iii) കൺവർ സിംഗ് – ആറ

A) ii, iii

B) i, iii

C) i, ii

D) എല്ലാം ശരിയാണ് (i, ii, iii)

96. 1929 ലെ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിൽ സുപ്രധാനപരമായ തീരുമാനങ്ങൾ എടുക്കുകയുണ്ടായി. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഉത്തരം കണ്ടെത്തുക.

i) പൂർണസ്വരാജ് ആവശ്യപ്പെട്ടു.

ii) ഗാന്ധിജിയുടെ നേതൃത്വത്തിൽ ക്വിറ്റ് ഇൻഡ്യാ-പ്രക്ഷോഭം ആരംഭിക്കാൻ തീരുമാനിച്ചു.

iii) ജനുവരി 26 സ്വാതന്ത്ര്യദിനമായി ആചരിക്കാൻ തീരുമാനിച്ചു.

A) എല്ലാം ശരിയാണ് (i, ii, iii)

B) i, ii

C) i, iii

D) ii, iii

97. ദേശീയ പ്രസ്ഥാന കാലത്ത് പ്രചാരത്തിൽ ഉണ്ടായിരുന്ന ജേർണലുകളും അതുമായി ബന്ധപ്പെട്ട വ്യക്തികളും – ഇവയിൽ നിന്ന് ശരിയായവ കണ്ടെത്തുക.

i) അജിത് സിങ് – ഭാരത് മാതാ

ii) ബരീന്ദ്രഘോഷ് – യുഗാന്ദർ

iii) ബിബിൻ പാൽ – സന്ധ്യ

A) i, ii

B) ii, iii

C) i, iii

D) എല്ലാം ശരിയാണ് (i, ii, iii)

98. 2022 ലെ കേരളസാഹിത്യ അക്കാദമി പുരസ്കാരങ്ങൾ – ശരിയായവ തിരഞ്ഞെടുക്കുക.

i) മികച്ച കവിത – അൻവർ അലി

ii) മികച്ച ചെറുകഥ – പ്രതീഷ് മണ്ടൂർ

iii) ആത്മകഥ – പ്രൊഫ. ടി. ജെ. ജോസഫ്

A) എല്ലാം ശരിയാണ് (i, ii, iii)
B) i, ii
C) i, iii
D) ii, iii

99. 2022 ലെ ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഫൈനലിൽ എത്തിയ അത്‌ലറ്റുകളുടെ ലിസ്റ്റിൽ നിന്ന് ശരിയായവ തിരഞ്ഞെടുക്കുക.

i) നീരജ് ചോപ്ര

ii) മുരളി ശ്രീശങ്കർ

iii) എൽദോസ് പോൾ

A) i, ii
B) എല്ലാം ശരിയാണ് (i, ii, iii)
C) ii, iii
D) i, iii

100. ദേശീയ ഫിലിം അവാർഡ് 2022 ന്റെ അടിസ്ഥാനത്തിൽ ശരിയായവ തിരഞ്ഞെടുക്കുക.

i) ഡയറക്ടർ – കെ. ആർ. സച്ചിദാനന്ദൻ

ii) മികച്ച അഭിനേതാവ് – സൂര്യ, അജയ് ദേവ്ഗൺ

iii) മികച്ച ജനപ്രിയ സിനിമ – അയ്യപ്പനും കോശിയും

A) i, iii
B) i, ii
C) എല്ലാം ശരിയാണ് (i, ii, iii)
D) ii, iii